## പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി IV
# (വ്യവസായവും ധാതുക്കളും)

## 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2015 ജൂലൈ 7-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി IV

## (വ്യവസായവും ധാതുക്കളും)

**2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

642/2015.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി IV

## (വ്യവസായവും ധാതുക്കളും)
## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ. എ. എ. അസീസ്

ശ്രീ. ഹൈബി ഈഡൻ

ശ്രീ. എളമരം കരീം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. സാജു പോൾ

ശ്രീ. വി. ശശി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. തുളസീധരൻ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV-ന്റെ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2014 ജൂൺ 9-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റുകൾ 2015 ജൂൺ 30-ന് ചേർന്ന സമിതി യോഗത്തിൽ പരിഗണിച്ചു.

2015 ജൂൺ 30-ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. കെ. കുഞ്ഞാലിക്കുട്ടി,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IV.*

തിരുവനന്തപുരം,
2015 ജൂൺ 30.

# റിപ്പോർട്ട്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV-ന്റെ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

വിഷയനിർണ്ണയ സമിതി IV-ന്റെ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2014 മാർച്ച് 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2014 ജൂൺ 9-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ വ്യവസായം, വിവരസാങ്കേതികവിദ്യ എന്നീ വകുപ്പുകളെ സംബന്ധിക്കുന്ന 57 ശിപാർശകളാണ് ഉണ്ടായിരുന്നത്. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമായ അനന്തരനടപടി സ്റ്റേറ്റ്മെന്റുകൾ 30-6-2015 തീയതിയിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## സമിതി ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്

ശിപാർശ

കേരള ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള കമ്പനിയായ കേരള ആട്ടോമൊബൈൽസ് ത്രിചക്ര വാഹനങ്ങളുടെ ഉൽപ്പാദനവും വിപണനവും നടത്തിവരുന്നു. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം പരിസ്ഥിതി സൗഹൃദമായിട്ടുള്ള സി.എൻ.ജി./എൽ.പി.ജി. ത്രിചക്ര വാഹനങ്ങൾ ഉത്പാദിപ്പിക്കുന്നതിനും ഈ മേഖലയിൽ തൊഴിൽരംഗത്തിന് പ്രചോദനവും പ്രവൃത്തി പരിചയവും നൽകുന്നതിനുവേണ്ടി സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിനുമായി 6 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

2014-15 വർഷം, 29-9-2014-ലെ സ.ഉ. (സാധാ.) 1102/2014/വ്യവ. പ്രകാരം 1 കോടിയും 27-11-2014-ലെ സ.ഉ. (സാധാ.) 1328/2014/വ്യവ. പ്രകാരം 1.5 കോടിയും 20-3-2015-ലെ സ.ഉ. (സാധാ.) 258/2015/വ്യവ. പ്രകാരം 1.5 കോടിയും ഉൾപ്പെടെ ആകെ (1+1.5+1.5) 4 കോടി രൂപ പ്രവർത്തന മൂലധനമായി കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് നൽകിയിട്ടുണ്ട്.

ശിപാർശ

കേന്ദ്ര സർക്കാരിന്റെ മാനുഫാക്ചറിംഗ് നയത്തിന്റെ ഭാഗമായുള്ള സ്കീമിൽ ഉൾപ്പെടുത്തി കെൽട്രോണിന്റെയും സബ്സിഡിയറി കമ്പനികളുടെയും നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി 15 കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

23-9-2014-ലെ സ.ഉ. (സാധാ.) 1051/2014/വ്യവ. പ്രകാരം കെൽട്രോണിന്റെ സബ്സിഡിയറി കമ്പനിയായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന് പ്രവർത്തന മൂലധനമായി 7 കോടി രൂപ നൽകുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക കമ്പനിക്ക് നൽകുവാനുള്ള തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)

ശിപാർശ

6885-60-190-99—കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനുള്ള വായ്പകൾ

01—സംസ്ഥാന പദ്ധതികൾ

ശിപാർശ

സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെയും തുറമുഖങ്ങളുടെയും സമീപപ്രദേശങ്ങളിൽ കിൻഫ്ര മുഖാന്തരം സ്ഥാപിക്കുവാനുദ്ദേശിക്കുന്ന വ്യവസായ വികസന മേഖലകൾക്കുള്ള സ്ഥലമെടുപ്പിനും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റ് വിഹിതത്തിനു പുറമെ 200 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധിക വിഭവ സമാഹരണം അനുവദിക്കുവാൻ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പര്യാപ്തമല്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന സാഹചര്യത്തിൽ മാത്രമേ ഇത്തരം കാര്യങ്ങൾ പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ.

<u>നാലാമത് റിപ്പോർട്ടിൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകൾ</u>

1, 2, 4, 5, 6, 8, 9, 12, 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 36, 37, 39, 42, 43, 44, 45, 48, 50, 51, 52, 53, 55, 56, 57, 59, 60, 61, 62, 63, 64, 67, 73, 74, 75, 77, 78.

പി. കെ. കുഞ്ഞാലിക്കുട്ടി,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IV.*

തിരുവനന്തപുരം,
2015 ജൂൺ 30.